LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) G.O.(ആർറ്റി.)നമ്പർ 3066/15 നമ്പർ സർക്കാർ ഉത്തരവ് ഡി.പി.ഐ.-യിൽ ലഭിച്ചത് 29-7-2015-നാണ്. പ്രസ്തുത തപാൽ സീനിയോറിറ്റി സെക്ഷനിൽ ലഭിക്കുന്നത് 1-8-2015-ം അന്നേ ദിവസം തന്നെ സെക്ഷൻ ക്ലർക്ക് പ്രസ്തുത തപാൽ ഫയലാക്കി പരിശോധിച്ച് യൂണിറ്റ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. യൂണിറ്റ് ഓഫീസർ 31-7-2015-ന് വിരമിച്ചു. പുതിയ ഓഫീസർ 23-9-2015-ന് ജോയിൻ ചെയ്യുകയും ചെയ്തു. 25-9-2015-ന് തന്നെ യൂണിറ്റ് ഓഫീസർ ഫയൽ പരിശോധനയ്ക്ക് ഹയർ ഓഫീസർക്ക് സമർപ്പിച്ചു. ടി ഓഫീസറുടെ ഉത്തരവനുസരിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകി. ഈ റിപ്പോർട്ടിന്റെ മറുപടി (Lr. No. T3/3421 20-11-2015) നേരിട്ട് ലഭിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ അന്നേ ദിവസം തന്നെ സെക്ഷൻ സമർപ്പിക്കുകയും ആയത് പരിശോധിച്ച് സൂപ്രണ്ട് യൂണിറ്റ് ഓഫീസർക്ക് സമർപ്പിച്ചു. യൂണിറ്റ് ഓഫീസർ 23-11-2015-ന് ഉത്തരവ് നൽകി.

ഡി.പി.ഐ. ഓഫീസിൽനിന്നും നിയമനാംഗീകാരം നൽകുന്നതിൽ കാലതാമസം

25(2876) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിൽ നിന്നും നിയമനാംഗീകാരം സംബന്ധിച്ച് ഉത്തരവുകൾ നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതുമൂലം എയ്ഡഡ് അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.പി.ഐ.-ലെ അക്കാദമിക് വിഭാഗത്തിന്റെ ബോധപൂർവ്വമായ ഫയൽ വൈകിക്കൽ നിരവധി അദ്ധ്യാപകരെ ബുദ്ധിമുട്ടിലാക്കുന്നുവെന്നത് പരിശോധിക്കുമോ;

(സി) 2014, 2015 വർഷങ്ങളിലെ ഇത്തരത്തിലുള്ള എത്ര ഫയലുകളിൽ തീരുമാനമെടുക്കാതെ ശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് വ്യക്തമായ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ഇക്കാര്യത്തിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. വ്യക്തമായ പരാതി ലഭിക്കുന്നപക്ഷം അവ പരിശോധിക്കുന്നതാണ്.